വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഒരു റോഡിന്റെ ഒന്നു മുതൽ 2 കിലോമീറ്റർ വരെയും 4 മുതൽ 6 കിലോമീറ്റർ വരെയും എന്നു പറഞ്ഞു കഴിയുമ്പോൾ തന്നെ വലിയൊരു ലിസ്റ്റാണ്. അറ്റ കുറ്റ പണികൾ നടത്തുകയെന്നുള്ളതല്ലാതെ ഒരു വലിയ വർക്കും ഏറ്റെടുക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷം ഉണ്ടെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകും.

(7) ഗവണ്മെന്റ് വിക്ടോറിയ കോളേജിലും മെഴ്സി കോളേജിലും പുതിയ കോഴ്സുകൾ

ശ്രീ. ടി.കെ. നൗഷാദ് : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പാലക്കാട് ജില്ലയിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് കോളേജുകൾ കുറവാണ്. കോഴിക്കോട് സർവ്വകലാശാലയ്ക്കു കീഴിലുള്ള കോഴിക്കോട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ യഥാക്രമം 32-ഉം, 28-ഉം, 26-ഉം കോളേജുകൾ ഉള്ളപ്പോൾ പാലക്കാട് 14 കോളേജുകൾ മാത്രമാണുള്ളത്. ജില്ലാ ആസ്ഥാനത്ത് പാലക്കാട് വിക്ടോറിയ കോളേജും, മെഴ്സി കോളേജും മാത്രമേയുള്ളൂ. പാലക്കാട് വിക്ടോറിയ കോളേജിൽ ബി.എസ്.സി.ക്കും ബി.എ.ക്കും ആകെ 492 സീറ്റുകൾ ഉള്ളപ്പോൾ അപേക്ഷകർ മൂവായിരത്തോളം പേരാണ്. ബിരുദാനന്തര ബിരുദത്തിന് 70 സീറ്റുകൾ മാത്രമേയുള്ളൂ. അതുപോലെ തന്നെ മെഴ്സി കോളേജിൽ ബി.എസ്.സി., ബി.എ., ബി.കോം എന്നിവ ഉൾപ്പെടെ 334 സീറ്റുകളിലേക്ക് അപേക്ഷകർ 1,700 പേരാണ്. ഈ അവസ്ഥയിൽ പ്രീ-ഡിഗ്രിയും ഡിഗ്രിയും പരീക്ഷകൾ വിജയിച്ച ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഡിഗ്രിക്കും, പി.ജി.ക്കും പ്രവേശനം നിഷേധിക്കപ്പെടുന്നു. മാത്രമല്ല കാലാനുസൃതമായി തൊഴിൽ സാദ്ധ്യതകൾ കൂടുതലുള്ള കോഴ്സുകൾ ഇവിടെ അനുവദിക്കപ്പെട്ടിട്ടുമില്ല. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് ജില്ലയുടെ പിന്നോക്കാവസ്ഥയും മറ്റു സാഹചര്യങ്ങളും കണക്കിലെടുത്ത് ജില്ലാ ആസ്ഥാനത്തുള്ള പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ ഈ വർഷം അപേക്ഷിച്ചിട്ടുള്ള ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, ബി.എസ്.സി., പോളിമർ കെമിസ്ട്രി, ബി.എ., ജിയോഗ്രഫി, എം.എ. മലയാളം എന്നീ കോഴ്സുകളും മെഴ്സി കോളേജ് ഈ വർഷം അപേക്ഷിച്ചിട്ടുള്ള ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. കെമിസ്ട്രി എന്നീ കോഴ്സുകളും അടിയന്തിരമായി ഈ അദ്ധ്യയനവർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, യൂണിവേഴ്സിറ്റികളിൽനിന്നുള്ള ശുപാർശകൾ ഗവണ്മെന്റ് പരിശോധിച്ചുവരുന്നതേയുള്ളൂ. ഈ കഴിഞ്ഞ വർഷം ഒരു കോളേജിന് ഒരു കോഴ്സ് എന്നുള്ള നിലയ്ക്കാണ് അനുമതി നൽകിയത്. ഈ വർഷവും യൂണിവേഴ്സിറ്റിയുടെ നിർദ്ദേശങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേക ആവശ്യവുംകൂടി പരിഗണിച്ച് വേണ്ട തീരുമാനം എടുക്കുന്നതാണ്.

(8) താനൂർ മണ്ഡലത്തിലെ മൂലയ്ക്കൽ-ഉണ്യാൽ എം.എൽ.എ. റോഡ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, താനൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡായ മൂലയ്ക്കൽ-ഉണ്യാൽ റോഡ് 1995-ൽ പ്രവൃത്തി ആരംഭിച്ചതാണ്. ഇപ്പോൾ നാലുവർഷം കഴിഞ്ഞു. ടാറിംഗ് അടക്കമുള്ള പ്രവർത്തികളാണ് ചെയ്യേണ്ടിയിരുന്നത്. സോളിംഗ് പൂർത്തിയാക്കിയിട്ട് ഏകദേശം രണ്ടു വർഷത്തോളമായി, അതിനുശേഷം പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്. ഡിപ്പാർട്ടുമെന്റ് നോട്ടീസ് അയയ്ക്കുമ്പോൾ ഓരോരോ കാരണങ്ങൾ പറഞ്ഞു കരാറുകാരൻ പണി നീട്ടിക്കൊണ്ടുപോകുകയാണ്. '99 മാർച്ചിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുവാനുള്ള നോട്ടീസ് ഡിപ്പാർട്ടുമെന്റ് അയയ്ക്കുകയുണ്ടായി. പക്ഷെ അപ്പോഴും പെട്ടെന്ന് പണി തീർക്കാം എന്നു പറഞ്ഞ് കരാറുകാരൻ സമീപിച്ചതായിട്ടാണ് അറിയുന്നത്. ഒന്നുകിൽ ആ കരാറുകാരനെവച്ചോ. അല്ലെങ്കിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് പുതിയ കരാറുകാരനെ ഏൽപ്പിച്ചുകൊണ്ടോ എത്രയും പെട്ടെന്ന് ആ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മൂലയ്ക്കൽ-ഉണ്യാൽ എം.എൽ.എ. റോഡിന് 22 ലക്ഷം രൂപയുടെ ഭരണാനുമതി 1993-ൽ നൽകി. 6.3.95-ൽ പണി ആരംഭിച്ചതാണ്. നാരായണൻ എന്ന കോൺട്രാക്ടർ 19 ശതമാനം ഉയർന്ന നിരക്കിൽ പണി ഏറ്റെടുത്തതാണ്. എന്നാൽ പണിയിൽ മതിയായ പുരോഗതി ഉണ്ടായിട്ടില്ല. 16.3.99-ൽ ആ കരാറുകാരന്റെ എല്ലാ ബാധ്യതയും റദ്ദാക്കുകയുണ്ടായി. അപ്പോൾ കരാറുകാരൻ വീണ്ടും ഒരു പരാതി കൊടുത്തു. പണി എളുപ്പം പൂർത്തിയാക്കും ഇനി ഒട്ടും കാത്തിരിക്കേണ്ട കാര്യമില്ല എന്ന് കരാറുകാരൻ പറഞ്ഞിരുന്നു. അതനുസരിച്ച് ഉടനെ റോഡ് പണി തുടങ്ങിയില്ലെങ്കിൽ വർക്ക് റീ അറേഞ്ച് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) പ്ലസ് ടു കോഴ്സിന് അതേ സ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസാകുന്ന വിദ്യാർത്ഥികൾക്ക് 25 ശതമാനം സീറ്റ് സംവരണം ചെയ്യണമെന്ന ആവശ്യം

ശ്രീ. പി. രാജു : സർ, നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് ടു കോഴ്സിന് അതേ സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. പാസാകുന്ന വിദ്യാർത്ഥികൾക്കായി 25 ശതമാനം സീറ്റ് മാറ്റിവയ്ക്കണമെന്നാണ് എന്റെ ആവശ്യം. സ്വകാര്യ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതേ വിദ്യാലയത്തിൽ തന്നെ ഹയർ സെക്കന്ററിക്ക് പഠിക്കാനുള്ള സൗകര്യം ലഭിക്കുന്നുണ്ട്. മാനേജ്മെന്റ് കാറ്റഗറിയിലുള്ള സ്കൂളുകളിലെല്ലാം തന്നെ ആ സൗകര്യമുണ്ട്. എന്നാൽ സർക്കാർ സ്കൂളിൽ നിന്നും പാസാകുന്ന വിദ്യാർത്ഥികൾക്ക് അതേ സ്കൂളിൽ ഹയർ സെക്കന്ററിക്ക് പഠിക്കാനുള്ള സാദ്ധ്യത ഇന്ന് ഇല്ലാതായിരിക്കുകയാണ്. ഇത് സർക്കാരിന്റെ പ്രവർത്തനത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്നു. താഴെ ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ വന്നു ചേരുന്നതിനുള്ള സാദ്ധ്യതകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മറിച്ച് ആ വിദ്യാർത്ഥികൾ തൊട്ടടുത്തുള്ള സ്വകാര്യ ഹയർ സെക്കന്ററി സ്കൂളുകളിലെ താഴെ ക്ലാസ്സുകളിൽ ചേർന്നാൽ അവർക്ക് അവിടെ നിന്നും എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായാൽ അവിടെതന്നെ സീറ്റ് ലഭിക്കാനുള്ള മുൻഗണന ലഭിക്കുന്നതുകൊണ്ട് അങ്ങോട്ടുള്ള ആകർഷണം കൂടുതലാണ്. അതുകൊണ്ട് അടുത്ത അധ്യയന വർഷം മുതലെങ്കിലും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽനിന്നും എസ്.എസ്.

LIBRARY ARCHIVES Kerala Legislative Assembly